**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5319** **15-03-2023 - ൽ മറുപടിയ്ക്ക്**

**അങ്കമാലി മണ്ഡലത്തിലെ കർഷകർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ്, അയ്യമ്പുഴ, മലയാറ്റൂർ, മഞ്ഞപ്ര, കറുകുറ്റി, കാലടി, തുറവൂർ, മൂക്കന്നൂർ, അങ്കമാലി എന്നീ കൃഷി ഭവനുകളിൽ പ്രകൃതിക്ഷോഭം, വന്യമൃഗ ശല്യം, ശക്തമായ കാറ്റ് എന്നിവ മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്നും നഷ്ടപരിഹാരം നൽകുന്നതിനായി കൃഷി ഭവൻ വകുപ്പിനെ അറിയിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങളുടെ പട്ടിക ഇനം തിരിച്ചും കൃഷി ഭവൻ അടിസ്ഥാനത്തിലും ലഭ്യമാക്കുമോ; | (എ) | **വന്യ മൃഗാക്രമണം മൂലമുള്ള കൃഷി നാശത്തിനു പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പദ്ധതി മുഖേന ധനസഹായം നൽകാൻ കഴിയില്ല. എന്നാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വന്യ മൃഗാക്രമണം മൂലം വിള നാശമുണ്ടായാൽ നഷ്ടപരിഹാരം നൽകുന്നുണ്ട്.**<br><br>**പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പദ്ധതി പ്രകാരം തീർപ്പാക്കാൻ ഉള്ള അപേക്ഷകളുടെ എണ്ണവും നൽകുവാനുള്ള നഷ്ടപരിഹാര തുകയുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | അതിശക്തമായ കാറ്റിൽ ജാതി, ഏത്തവാഴ, കവുങ്ങ്, തെങ്ങ് എന്നീ കായ്ഫലമുള്ള മരങ്ങളും നെൽകൃഷിയും നശിച്ചവർക്കുള്ള നഷ്ടപരിഹാരം കൊടുത്ത് തീർക്കുവാനും കുടിശ്ശിക ഉൾപ്പെടെ തീർത്ത് നട്ടം തിരിയുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൃഷി ഡയറക്ടറിൽ നിന്നും ലഭ്യമാകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | കൃഷി ഭവൻ | അപേക്ഷകരുടെ എണ്ണം | നഷ്ടപരിഹാരത്തിന് ആവശ്യമായ തുക ലക്ഷത്തിൽ | |
|---|---|---|---|---|
| | | | സംസ്ഥാന വിഹിതം | SDRF |
| 1 | പാറക്കടവ് | 831 | 87.95581 | 11.48760 |
| 2 | അയ്യമ്പുഴ | 4 | 1.55756 | 0.04790 |
| 3 | മലയാറ്റൂർ | 160 | 12.77283 | 1.17483 |
| 4 | മഞ്ഞപ്ര | 38 | 2.84031 | 0.30707 |
| 5 | കറുകുറ്റി | 94 | 9.44313 | 0.57589 |
| 6 | കാലടി | 60 | 11.10379 | 0.59973 |
| 7 | തുറവൂർ | 30 | 3.16754 | 0.24763 |
| 8 | മൂക്കന്നൂർ | 19 | 1.05976 | 0.17832 |
| 9 | അങ്കമാലി | 204 | 16.28413 | 2.52026 |
| | ആകെ | 1440 | 146.18486 | 17.13923 |